# നീര ഉത്പാദനം കർഷക രക്ഷയ്ക്ക്

**പി.ജെ. ജോസഫ്**
*പ്രസിഡന്റ്, ഈസ്റ്റ് എളേരി ഫെഡറേഷൻ ഓഫ് കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റീസ്, ചിറ്റാരിക്കാൽ, കാസറഗോഡ് ജില്ല*

വർഷങ്ങൾക്കു മുമ്പ് ഒരു മാസികയിൽ ഒരു കാർട്ടൂൺ കാണുകയുണ്ടായി. അതിൽ ഒരു കുട്ടി അദ്ധ്യാപകന്റെയടുത്തു പോയി പരാതി പറയുന്നതാണ്. കൂട്ടുകാരൻ പരാതിക്കാരനായ കുട്ടിയെ 'കൊക്കോകായ്' എന്ന് വിളിച്ചുവെന്നാണ് കാര്യം. അദ്ധ്യാപകൻ കുട്ടിയെ വിളിച്ച് ഉപദേശിക്കുകയും സുഹൃത്തിനെ ഇങ്ങനെ വിളിക്കുവാനുള്ള കാരണം അന്വേഷിക്കുകയും ചെയ്തു. അപ്പോൾ ആ കുട്ടി പറയുകയാണ്, ഞാൻ മറ്റൊന്നും വിചാരിച്ചു പറഞ്ഞതല്ല കൊക്കോയ്ക്ക് തീരെ വിലയില്ലാത്തതുകൊണ്ട് 'ഒന്നിനും കൊള്ളാത്തവനെ' എന്നർത്ഥത്തിൽ വിളിച്ചുവെന്നേയുള്ളൂവെന്ന്.

ഇന്നത്തെ കേരളത്തിലെ കേര കർഷകരെ സംബന്ധിച്ചും ഇത് അന്വർത്ഥമാണ്. വർഷങ്ങൾക്കുമുമ്പ് കേരകർഷകർ തങ്ങളുടെ പുരയിടത്തിലെ തേങ്ങ ഓരോ 45 ദിവസം കൂടുമ്പോൾ ഇടുകയും അവ പ്രത്യേകം പണിത ഷെഡുകളിലോ ഓടുമേഞ്ഞ പുരയുടെ തട്ടിൻപുറങ്ങളിലോ കേടുകൂടാതെ സൂക്ഷിക്കുകയും ചെയ്തിരുന്നു. തേങ്ങ വിൽക്കുമ്പോൾ നല്ലയൊരു തുകയും കിട്ടയിരുന്നു. ആ സാധനം ഇന്ന് പറിച്ചെങ്കിലായി, ഇല്ലെങ്കിലായി. അവ പറിച്ചാൽതന്നെ പുരയിടത്തിൽ എവിടെയെങ്കിലും കൂട്ടിയിടും. അവ മുളച്ച് തെങ്ങിൻതൈകളായിക്കഴിയുമ്പോൾ എങ്ങിനെയെങ്കിലും കിട്ടുന്ന വിലയ്ക്ക് ഒഴിവാക്കും. ലാഭനഷ്ടം കൂട്ടുമ്പോൾ കാര്യം നഷ്ടം തന്നെ. ആരെങ്കിലും ഇന്ന് തെങ്ങ് നടുന്നത് കണ്ടാൽ സമൂഹം അവനെ പരിഹസിക്കുന്ന സ്ഥിതിയിലെത്തിയിരിക്കുകയാണ്.

കരിമ്പിനും കടലക്കും വിലയിടിയുമ്പോൾ കേന്ദ്ര മന്ത്രിമാർ ഇടപെട്ട് പ്രശ്നം അടിന്തിരമായി പരിഹരിക്കും. എന്നാൽ ഇവിടെ കേരകർഷകർ എത്ര പ്രതിഷേധിച്ചാലും ഒരു നേതാവും ഒരു മന്ത്രിയും തിരിഞ്ഞു നോക്കുകയില്ല. കർഷകരുടെ പ്രതിഷേധം വെറും വനരോദനമായി മാറുകയേയുള്ളൂ. നാളികേരത്തിന് വിലയിടിവ് രൂക്ഷമാകുമ്പോൾ കർഷകരിൽ നിന്നും പ്രതിഷേധം ശക്തമാകുന്ന സമയത്ത് ശ്രദ്ധ തിരിച്ചുവിടുന്നതിന് ചില പ്രഖ്യാപനങ്ങൾ നടത്തുക മാത്രം.

കർഷകർ നാടിന്റെ നട്ടെല്ലാണ്. 75 ശതമാനം ആളുകളും കൃഷിക്കാരാണ്. കൃഷിക്കാരെയും കൃഷിയേയും സംരക്ഷിക്കേണ്ട ബാധ്യത ഗവൺമെന്റിനുണ്ട്. കർഷകർ ഉത്പാദിപ്പിക്കുന്ന വിളകൾക്ക് പരമാവധി വില ലഭ്യമാക്കുന്നതിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനും സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. തേങ്ങക്കും കൊപ്രക്കും അൽപസ്വൽപം വില വർദ്ധന പ്രഖ്യാപിച്ചതുകൊണ്ട് കർഷകരുടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ല. മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിലേക്ക് നാളികേര മേഖല ശ്രദ്ധ ചെലുത്തിയാൽ മാത്രമേ ഇതിന് ഒരു പരിഹാരമാകുകയുള്ളൂ.


*നീരയിൽ നിന്നുള്ള ചക്കര നിർമ്മാണം*

മൂല്യവർദ്ധിത ഉൽപന്നങ്ങളെപ്പറ്റി പറയുമ്പോൾ ഏറ്റവും കൂടുതൽ പ്രാധാന്യം അർഹിക്കുന്ന ഉൽപന്നങ്ങളാണ് നീരയും അതിൽ നിന്ന് ഉത്പാദിപ്പിക്കുന്ന തെങ്ങിൻ ചക്കരയും, പഞ്ചസാരയും, ചോക്ക്ളേറ്റും, ജാമും, മിഠായിയുമൊക്കെ. ലോകത്തിലെ മറ്റു നാളികേര ഉത്പാദക രാജ്യങ്ങൾ നീരയും അതിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങളും നിർമ്മിച്ചുകൊണ്ട് വ്യാവസായികമായി മുന്നേറുന്നതോടൊപ്പം നാളികേര മേഖലയിലെ പ്രതിസന്ധികൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യുമ്പോൾ എന്തുകൊണ്ട് കേരളത്തിൽ ഇതു സാധ്യമല്ല.

നീര ഉത്പാദിപ്പിക്കുവാനുള്ള അനുമതി ലഭ്യമാക്കുകയെന്നുള്ളത് കേരളത്തിലെ കേരകർഷകരുടെ ചിരകാല ആവശ്യമാണ്. എന്നാൽ സംസ്ഥാനത്തെ അബ്കാരി നിയമത്തിലെ വ്യവസ്ഥകളാണ് നീര ഉത്പാദനത്തിന് തടസ്സമായി നിൽക്കുന്നത്. നിലവിലുള്ള അബ്കാരി നിയമപ്രകാരം പന, തെങ്ങ്, ഈന്തപ്പന എന്നിവയുടെയെല്ലാം പൂങ്കുലയിൽ നിന്നും ഉത്പാദിപ്പിക്കുന്ന എല്ലാ പാനീയങ്ങളും കള്ളിന്റെ പരിധിയിലാണ് പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് ഈ നിയമത്തിൻകീഴിൽ ലൈസൻസ് എടുത്തിട്ടുള്ള ചെത്തു തൊഴിലാളികൾക്ക് മാത്രമേ ഇത്തരം പാനീയങ്ങൾ ചെത്താൻ അനുവാദമുള്ളൂ. കേരകർഷകരെ രക്ഷിക്കുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട പോംവഴി അബ്കാരി നിയമം ഭേദഗതി ചെയ്യുകയാണ്. അതിന് മുൻകൈ എടുക്കേണ്ടത് ഗവൺമെന്റാണ്. ഇക്കഴിഞ്ഞ ബജറ്റിൽ കേരള ധനകാര്യമന്ത്രി പത്ത് നീര ഉത്പാദക യൂണിറ്റുകൾക്കായി 15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് നിഷ്കർഷിച്ചത് നല്ല കാര്യം തന്നെ. ഗവൺമെന്റ് ഇതിന് മുമ്പ് നിയമിച്ചിട്ടുള്ള എല്ലാ കമ്മീഷനുകളുടെ റിപ്പോർട്ടുകളിലും നീര ഉത്പാദനത്തിന് കർഷകരെ പ്രോത്സാഹിപ്പിക്കണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്.

കേരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഒരു കൂട്ടായ പ്രയത്നമാണ് ഇന്നാവശ്യം. അതിന് ഗവൺമെന്റും നാളികേര വികസന ബോർഡും കേരകർഷകരും തൊഴിലാളികളും ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നാളികേര വികസന ബോർഡ് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചാലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂല നടപടികൾ ഉണ്ടാകുന്നില്ലെങ്കിൽ കാര്യങ്ങൾ പഴയമാതിരി തുടരുകയേയുള്ളൂ. കേരകർഷകന് നീര ഉത്പാദനത്തിനുള്ള അവകാശം നൽകിയാൽ ചെത്തു തൊഴിലാളികളുടെ തൊഴിലിനെ ബാധിക്കുമെന്നുള്ള ധാരണകളും അസ്ഥാനത്താണ്. കാരണം തൊഴിലാളികളുടെ സഹകരണമില്ലാതെ ഭൂരിഭാഗം കേരകർഷകർക്കും നീര ഉത്പാദനം സാധ്യമല്ല. കേരകർഷകർക്ക് പ്രഖ്യാപനങ്ങളും, കമ്മീഷനുകളുമല്ല ഇന്നാവശ്യം. ഗവൺമെന്റിന്റെ ഭാഗത്തു നിന്നുള്ള അടിയന്തിര നടപടികളാണ്.